(ബി) കായിക ക്ഷമതാ പദ്ധതി ഒരു തുടർപദ്ധതിയാണ്. മൂന്നാം വർഷത്തെ (2010-2022) ഒന്നാം ഘട്ടം ഡിസംബർ 31-ന് പൂർത്തിയാകും. രണ്ടാം ഘട്ടം ജനുവരി-ഫെബ്രുവരി മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സ്കൂളുകളിൽ കായിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതോട് കൂടി കായിക ക്ഷമതാ പദ്ധതിയിൽ കുറഞ്ഞ നിലവാരം പുലർത്തുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സ്റ്റേറ്റ് ടെസ്റ്റിംഗ് അതോറിറ്റി നടത്തിയ കായികക്ഷമതാ പരീക്ഷയിൽ ഒന്നാം ഘട്ടത്തിൽ എ,ബി,സി ഗ്രേഡുകളായി 12,684 പേർ യോഗ്യത നേടി. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി കായിക അദ്ധ്യാപകർക്ക് വേണ്ട പരിശീലനം നൽകി വരുന്നു. ആരോഗ്യവിദ്യാഭ്യാസ പദ്ധതിയിൽ കായികക്ഷമത വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുക വഴി കുട്ടികളിലെ കായിക ക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. കായിക ക്ഷമതയിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് അവാർഡ്. മെഡൽ, സർട്ടിഫിക്കറ്റുകൾ നൽകുക വഴി കായിക ക്ഷമത കുറഞ്ഞ കുട്ടികൾക്ക് പ്രചോദനം ലഭിക്കുന്നതാണ്.

പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കാൻ നടപടി

23(*233) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. വി. ശശികുമാർ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ :

(ബി) റീജിയണൽ ഹെൽത്ത് ലബോറട്ടറികൾ ഏതെല്ലാം ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട് ;

(സി) കൂടുതൽ റീജിയണൽ ഹെൽത്ത് ലബോറട്ടറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ആശുപത്രികളോടനുബന്ധിച്ചുള്ള ലബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും, റീജിയണൽ ലാബുകളിലും ആട്ടോമേറ്റഡും, സെമി ആട്ടോമേറ്റഡും ആയ ഉകരണങ്ങൾ സ്ഥാപിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നു. എച്ച്.ബി.എ1.സി., എൽ.എച്ച്., എഫ്.എസ്.എച്ച് പ്രൊലാക്ടിൻ, പി.എസ്.എ. എന്നീ ടെസ്റ്റുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. എച്ച്.ബി.എ1.സി. ടെസ്റ്റ് പ്രമേഹ രോഗികൾക്ക് ചികിത്സ നിർണ്ണയിക്കുന്നതിന് വളരെയധികം പ്രയോജനപ്രദമാണ്. എൽ.എച്ച്., എഫ്.എസ്.എച്ച് പ്രൊലാക്ടിൻ ടെസ്റ്റുകൾ വന്ധ്യതാ ചികിത്സയ്ക്ക് ആവശ്യമാണ്. പി.എസ്.എ. ടെസ്റ്റുകൾ പ്രൊസ്റ്റാറ്റിക് ട്യൂമറുകൾ നിർണ്ണയിക്കുന്നതിന് പ്രയോജനപ്രദമാണ്. എച്ച്1.എൻ.1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കി എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.

പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2011-12 വർഷം മുതൽ 2014-15 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ എന്നിവ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ശിപാർശ പരിശോധിച്ചു വരികയാണ്. പബ്ലിക് ഹെൽത്ത് ലാബുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലാബറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 623.2 ലക്ഷം രൂപയുടെ പ്രൊപ്പോസലും ഇതിൽപ്പെടും. അസറ്റ് മെയിന്റനൻസിന് വേണ്ടി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് 50 ലക്ഷം രൂപയും, എറണാകുളം റീജിയണൽ ലാബിന് 33.5 ലക്ഷം രൂപയും കൊല്ലം ജില്ലാ ലാബിന് 10 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ആരോഗ്യ വകുപ്പിൽ, 2011-2015 കാലയളവിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ആശുപത്രികളോടനുബന്ധിച്ചുള്ള ലാബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഘടകങ്ങളും ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിട നിർമ്മാണത്തിനും മതിയായ തുക അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കടൽഭിത്തി നിർമ്മിക്കുന്നതിലെ പുരോഗതി

24 (*234) ശ്രീ. പി. വിശ്വൻ:
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽഭിത്തി നിർമ്മാണത്തിൽ ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly